Talented Bankers Literary Panel
പുസ്തക പരിചയം 224

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMEC, കാഞ്ഞങ്ങാട്.

ഹെമിങ്‌വേ - ഒരു മുഖവുര

എം ടി വാസുദേവൻ നായർ
കറന്റ് ബുക്സ് തൃശൂർ
വില 75 രൂപ

" എല്ലാ കഥകളും നീണ്ടു പോകുമ്പോൾ മരണത്തിൽ അവസാനിക്കുന്നു. അത് മാറ്റി നിറുത്തി കഥ പറയുന്ന ആളാകട്ടെ നല്ല കാഥികനുമല്ല "

കിഴവൻ സാന്റിയാഗോയുടെയും കടലിന്റെയും കഥപറഞ്ഞ് വിസ്മയിപ്പിച്ച ഹെമിങ്‌വേ.

ഹെമിങ്‌വേയുടെ ആത്മഹത്യയുടെ വാർത്ത വരുന്നതിനു നാലഞ്ച് ദിവസം മുൻപ് എം ടി തയ്യാറാക്കിയ ഒരു റേഡിയോ പ്രഭാഷണത്തിൽ നിന്നാണ് ഈ പുസ്തകം രൂപപ്പെട്ടിരിക്കുന്നത്. സാഹിത്യതല്പരർക്കും വിദ്യാർത്ഥികൾക്കും ഹെമിങ്‌വേയുടെ തത്വശാസ്ത്രത്തെക്കുറിച്ചും സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ചുമുള്ള ഒരു മുഖവുരയാണ് ഈ ഗ്രന്ഥം ഒപ്പം ഹെമിങ്‌വേയുടെ അസാധാരണ ജീവിതത്തിലേക്കു വെളിച്ചം വീശലും.

'താനെഴുതിയ കഥകളെക്കാളും നോവലുകളെക്കാളും സംഭവ ബഹുലവും വർണ്ണോജ്ജ്വലവുമായ കഥ തന്റെ ജീവിതം തന്നെയായ എഴുത്തുകാർ ലോകത്തിൽ അപൂർവ്വമാണ്. ഹെമിങ്‌വേയുടെ ഏറ്റവും വലിയ കൃതി അദ്ദേഹത്തിന്റെ ജീവിതം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ കഥാപാത്രം റോബർട് കോഹനോ ലെഫ്റ്റനന്റ് ഹെൻറിയോ റോബർട്ട് ജോർടാനോ ഹാരി മോർഗനോ കിഴവൻ സാന്റിയാഗോയോ അല്ല :എറണസ്റ്റ് ഹെമിങ്‌വേ തന്നെയായിരുന്നു '

പത്രറിപ്പോർട്ടർ, പ്രത്യേകിച്ച് യുദ്ധമുന്നണികളിലെ, അതും ആംബുലൻസിന്റെ പിൻപറ്റിയുള്ള പ്രവർത്തനത്തെക്കാൾ ശരിക്കും യുദ്ധമുന്നണിയിലെ, സ്പെയിനിലെ കളപ്പോര് വേദികളിൽ മുൻനിരയിൽ ആവേശം പൂണ്ട ആസ്വാദകൻ, അല്ലെങ്കിൽ ക്യൂബൻ കടലുകളിലെ ഒന്നാന്തരം മീൻപിടുത്തക്കാരൻ. സഹസികത ഇല്ലാതെ ഒന്നും ഹെമിങ്‌വേ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. അതുതന്നെയാവണം

ആരോഗ്യം നഷ്ടപ്പെട്ടു തുടങ്ങി എന്ന തോന്നലിൽ തന്നെ തോക്കിൻ കുഴലിൽ ഹെമിങ്‌വേ ജീവിതം അവസാനിപ്പിച്ചതും.

1918 ൽ ഇറ്റലിയൻ സൈന്യത്തിന്റെ കാവൽ താവളങ്ങളിൽ ഒന്നിൽ മൂന്ന് സൈനികരുമായി സംസാരിച്ചു നിൽക്കെ തൊട്ടുമുന്നിൽ ഓസ്ട്രിയൻ സൈന്യത്തിന്റെ ഷെൽ അക്രമം. മൂന്ന് പട്ടാളക്കാരുടെയും കാലുകൾ തെറിച്ചു പോയിരുന്നു. രണ്ടുപേർ അപ്പോൾതന്നെ മരിച്ചു. ജീവൻ ബാക്കിയായ പട്ടാളക്കാരനെയും ചുമന്ന് വെടിയുണ്ടകളുടെ വർഷത്തിലൂടെ ഇഴഞ്ഞു ട്രെഞ്ചിൽ എത്തുമ്പോഴേക്കും ഹെമിങ്‌വേയുടെ ബോധം നഷ്ടപ്പെട്ടിരുന്നു. പുറത്തെ പട്ടാളക്കാരൻ മരിച്ചിരുന്നു. വെടിയുണ്ടകൾക്ക് പുറമെ ആരയിഞ്ചു വലിപ്പമുള്ള ഇരുന്നൂറ്റി മുപ്പത്തേഴ് ഇരുമ്പ് കഷ്ണങ്ങളാണ് ഹെമിങ്‌വേയുടെ ശരീരത്തിൽ പ്രവേശിച്ചിരുന്നത്...

1953 ഡിസംബർ മാസത്തിൽ ഹെമിങ്‌വേയും കുടുംബവും ആഫ്രിക്കൻ വനത്തിനുള്ളിൽ വിമാനഅപകടത്തിൽ പെടുന്നു. രക്ഷാ ദൗത്യത്തിന് എത്തിയ വിമാനവും അപകടത്തിൽപ്പെട്ട് തീപിടിക്കുന്നു. സമീപത്തെ പൊന്തക്കാടുകളിൽ തീ ആളിപടർന്നു. യാത്രക്കാർ സാരമായ പരിക്കുകളോടെയാണെങ്കിലും രക്ഷപെട്ടു.

പൊന്തക്കാടിൽ നിന്ന് നട്ടെല്ലിനും തലയ്ക്കും സാരമായ പരുക്കുകളോടെ എഴുന്നേറ്റു കൈയിൽ തട്ടിയ മലവാഴപ്പഴം പറിച്ചു പുറത്തുവന്നു " കുട്ടികളേ, ജീവിതം അത്ഭുതകരമല്ലേ? "എന്ന് ചോദിച്ചാണത്രേ ഹെമിങ്‌വേ കൂട്ടുകാരെ സമീപിച്ചത്.

1953 ൽ നോബൽ സമ്മാനത്തിന് വേണ്ടി നിർദ്ദേശിക്കപ്പെട്ട പേരുകളിൽ ഒന്ന് ഹെമിങ്‌വേ ആയിരുന്നു. പ്രയാധിക്യം മുൻനിർത്തി വിൻസ്റ്റൻ ചർച്ചിലിനാണ് ആ വർഷം സമ്മാനം കൊടുത്തത്.54 ൽ ഹെമിങ്‌വേയ്ക്ക് കിഴവനും കടലും മുഖ്യമായും ആസ്പദമാക്കി നോബൽ സമ്മാനം നല്കപ്പെട്ടു.

വിശ്വസാഹിത്യകാരന്റെ ജീവിതവും കിഴവനും കടലും എന്ന ക്ലാസ്സിക് കൃതിയിലെ ജീവിത സൗന്ദര്യവും നമ്മുടെ സ്വന്തം എം ടി ഈ ലഘു ഗ്രന്ഥത്തിലൂടെ മുഖവുര ചെയ്യുന്നു.